"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ത.സ്വ.ഭ.വ.- പി.എം.എ.വൈ. (ജി)യുമായി ബന്ധപ്പെട്ട് സംസ്ഥാന/ജില്ല/ബ്ലോക്ക് തല പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശസ്വയംഭരണ (ഡി ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.2482/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/11/2019

പരാമർശം:- 1 സ. ഉ (ആർ.റ്റി) 314/2017/ത.സ്വ.ഭ.വ തീയതി 04/02/2017

2 ഗ്രാമവികസന കമ്മീഷണറുടെ 28.05.2019 - ലെ 589/എച്ച് &ടി 5/2018/സി.ആർ.ഡി. നമ്പർ കത്ത്.

<u>ഉത്തരവ്</u>

പി.എം.എ.വൈ. (ജി)യുമായി ബന്ധപ്പെട്ട് സംസ്ഥാന/ജില്ല/ബ്ലോക്ക് തല പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിച്ച പരാമർശം (1) ഉത്തരവ് പ്രകാരം പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളിലെ ഐ.ടി.പ്രൊഫഷണലുകളുടെ (കംപ്യൂട്ടർ പ്രോഗ്രാമർ) നിർദ്ദിഷ്ട യോഗ്യതയായി ഐ.ടി/കമ്പ്യൂട്ടർ സയൻസ് വിഷയങ്ങളിലെ എഞ്ചിനീയറിംഗ് ബിരുദമാണ് (5 വർഷത്തെ പ്രവൃത്തി പരിചയം അഭികാമ്യം) നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഈ യോഗ്യതയോടൊപ്പം മതിയായ പ്രായോഗിക പരിജ്ഞാനവുമുള്ള അപേക്ഷകരുടെ കുറവ് നിമിത്തം ഫലപ്രദമായ സേവനം ഉറപ്പുവരുത്താൻ കഴിയുന്നില്ല എന്നും, ഇത് പി.എം.എ.വൈ (ജി) എം.ഐ.എസ്-മായി ബന്ധപ്പെട്ട പ്രവർത്തികളെ ബാധിക്കുന്നുണ്ട് എന്നും ആയതിനാൽ സമർത്ഥരും പ്രായോഗിക പരിജ്ഞാനമുള്ളവരുമായ കൂടുതൽ അപേക്ഷകരെ ലഭിക്കുന്നതിനായി നിർദ്ദിഷ്ട യോഗ്യതയ്ക്കു പുറമേ MCA യോഗ്യത കൂടി ഉൾപ്പെടുത്തി പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് ഗ്രാമ വികസന കമ്മിഷണർ പരാമർശം (2) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ. (ജി)യുമായി ബന്ധപ്പെട്ട സംസ്ഥാന/ജില്ല/ബ്ലോക്ക് തല പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളിലെ ഐ.ടി.പ്രൊഫഷണലുകളുടെ (കംപ്യൂട്ടർ പ്രോഗ്രാമർ) യോഗ്യതയിൽ മാത്തമാറ്റിക്സ് ഡിഗ്രി തലത്തിൽ ഒരു വിഷയമായി (മെയിൻ/സബ്സിഡിയറി) പഠിച്ചതിനു ശേഷമുള്ള റഗുലർ MCA കോഴ്സ് കൂടി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

2. മേൽ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുകുട്ടന്.എം.എസ്**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്: ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം

വെബ് &ന്യൂ മീഡിയ, ഐ&പി.ആർ.ഡി
ഡയറക്ടർ, ഐ.കെ.എം.,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2019.[illegible] 10:55:45 IST
Reason: Approved

സെക്ഷൻ ഓഫീസർ